(ബി) 2014-15-ൽ വിവിധ സൗരോർജ്ജ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു ;

(സി) ഏതെല്ലാം സൗരോർജ്ജ പദ്ധതികൾക്കാണ് തുക ചെലവഴിച്ചതെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സൗരോർജ്ജ പദ്ധതികൾക്കായി 32.32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സൗരോർജ്ജ പദ്ധതികൾക്കായി ലഭ്യമായ 3004 ലക്ഷം രൂപ (അനെർട്ടിന്റെ മുൻവർഷങ്ങളിലെ പദ്ധതി വിഹിതത്തിൽ ബാക്കിയുണ്ടായിരുന്ന തുക) യിൽനിന്നും 236.39 ലക്ഷം രൂപ ഇതിനകം ചെലവഴിച്ച് കഴിഞ്ഞു.

(സി) 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ (3600 എണ്ണം) സ്ഥാപിക്കുന്നതിനായി ഇതിനകം 235.95 ലക്ഷം രൂപ ചെലവഴിച്ചു. 2 മെഗാവാട്ട് ശൃംഖലാബന്ധിത പവർ പ്ലാന്റിന്റെ പ്രാരംഭ ചെലവിനായി 0.44 ലക്ഷം രൂപയും ചെലവായി.

അനെർട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികൾ

42(2030) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നല്കാമോ ;

(ബി) മാലിന്യ നിർമ്മാർജ്ജനത്തിന് സബ്സിഡി നിരക്കിൽ നല്കിയ ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കാറുണ്ടോ ;

(സി) അവയുടെ സർവ്വീസിംഗിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്നും അതിനുള്ള ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബയോഗ്യാസ് ഉത്പാദനത്തിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുമായി അംഗീകൃത ടേൺകീ ഏജന്റുമാർ മുഖേന അനെർട്ട് സ്ഥാപിച്ച് നൽകുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 5 വർഷത്തെ പ്രവർത്തനക്ഷമത ഉറപ്പാക്കുന്നുണ്ട്.

(സി) അഞ്ചുവർഷ കാലയളവിലുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി ടേൺകീ ഏജന്റുമാർക്ക് അംഗീകാരം നൽകുന്ന സമയത്ത് അവരിൽനിന്നും നിശ്ചിത തുകയ്ക്കുള്ള ബാങ്ക് ഗാരന്റി വാങ്ങുകയും പരാതികൾ ഉണ്ടാകുന്നപക്ഷം അവ യഥാസമയം പരിഹരിച്ച് നൽകുകയും ചെയ്യുന്നുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ ഊർജ്ജവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

43(2031) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കുമോ ;

(ബി) മാവേലിക്കരയിലെ പ്രധാന ജംഗ്ഷനുകളായ മിച്ചൽ ജംഗ്ഷൻ, ചാരുംമൂട്, പടനിലം എന്നിവിടങ്ങളിൽ ഭൂഗർഭ ലൈൻ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിതരണ വിഭാഗത്തിൽ മാവേലിക്കര മണ്ഡലത്തിൽ 7421 പേർക്ക് സർവ്വീസ് കണക്ഷനുകൾ നൽകുകയും 58 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 93 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 70 കീ.മി. എൽ.റ്റി. ലൈൻ വലിക്കുകയും ചെയ്തിട്ടുണ്ട്. പ്രസരണ വിഭാഗത്തിന്റെകീഴിൽ 2012 ജൂൺ മാസംമുതൽ വള്ളികുന്നം 33 കെ.വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്ത് പ്രവർത്തനം നടന്നുവരുന്നു.

(ബി) ഭൂഗർഭലൈൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

ടെലിസ്കോപിക് വൈദ്യുതി നിരക്ക്

44(2032) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly